"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ-ലൈഫ് 2020-ലെ പുതിയ അപേക്ഷകളുടെ പരിശോധനയുടെ ചുമതല - ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത്-ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2207/2021/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 06/11/2021

---

പരാമർശം:- 1. സ.ഉ (സാധാ) നം.2086/2021/തസ്വഭവ, തീയതി 25/10/2021.

2. സ.ഉ (സാധാ) നം.2128/2021/തസ്വഭവ, തീയതി 29/10/2021.

3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 03/11/2021-ലെ ലൈഫ് 2020 നമ്പർ കത്ത്.

**ഉത്തരവ്**

ലൈഫ് 2020 പ്രകാരമുള്ള പുതിയ അപേക്ഷകളുടെ പരിശോധന 2021 നവംബർ 1 മുതൽ ആരംഭിച്ചിട്ടുണ്ടെന്നും അപേക്ഷകൾ പരിശോധിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരെയാണ് പരാമർശം (1) പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളത്. 9,20,260 അപേക്ഷകളാണ് ഇപ്രകാരം പരിശോധന നടത്തുവാൻ ഉള്ളത്. അപേക്ഷകളുടെ പരിശോധന നവംബർ 1-ന് ആരംഭിച്ച് നവംബർ 30-ന് അവസാനിപ്പിച്ച 2022 ഫെബ്രുവരി 28 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതിനു വേണ്ടിയാണു സൂചന ഉത്തരവിൽ നിർദ്ദേശം നൽ കിയിട്ടുള്ളത്.. എന്നാൽ അപേക്ഷകളുടെ ബാഹുല്യവും പരിശോധനാ വിവരങ്ങൾ സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്നും അതിനാൽ കൂടുതൽ പരിശോധന ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ട ആവശ്യകത ഉണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഈ വിഷയം പരിശോധിച്ചതിൽ, അപേക്ഷകളുടെ പരിശോധന സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കൂടുതൽ ജീവനക്കാരുടെ സേവനം ആവശ്യമാണെന്ന് കാണുന്നുവെന്നും ടി സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ബന്ധപ്പെട്ട പരിശോധനാ ഉദ്യോഗസ്ഥർക്ക് പുറമെ അസിസ്റ്റൻറ് സെക്രട്ടറി, വി.ഇ.ഒ-മാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, അഗ്രിക്കൾച്ചറൽ അസിസ്റ്റൻറുമാർ എന്നിവരേയും നഗരസഭകളിൽ പരിശോധനാ ഉദ്യോഗസ്ഥർക്ക് പുറമെ നഗരസഭാ ഉദ്യോഗസ്ഥരെയും ആവശ്യമെങ്കിൽ ഐ.സി.ഡി.എസ് സൂപ്പർ വൈസർ, അഗ്രിക്കൾച്ചറൽ അസിസ്റ്റൻറ് എന്നിവരെയും അപേക്ഷാ പരിശോധനയ്ക്കായി ചുമതലപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ അപേക്ഷാ പരിശോധനയുടെ മേൽനോട്ട ചുമതല അസിസ്റ്റൻറ് സെക്രട്ടറിമാരിലും നഗരസഭകളിൽ പ്രോജക്ട് ഓഫീസർമാരിലും നിക്ഷിപ്തമാക്കിയും പുതുക്കിയ ഉത്തരവുണ്ടാകണമെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകളുടെ പരിശോധന സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പരാമർശം (2) ഉത്തരവിൽ ഭേദഗതിവരുത്തി ഗ്രാമപഞ്ചായത്തുകളിൽ ബന്ധപ്പെട്ട പരിശോധനാ ഉദ്യോഗസ്ഥർക്ക് പുറമെ അസിസ്റ്റൻറ് സെക്രട്ടറി, വി.ഇ.ഒ-മാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, അഗ്രിക്കൾച്ചറൽ അസിസ്റ്റൻറുമാർ എന്നിവരേയും നഗരസഭകളിൽ പരിശോധനാ ഉദ്യോഗസ്ഥർക്ക് പുറമെ നഗരസഭാ ഉദ്യോഗസ്ഥരെയും ആവശ്യമെങ്കിൽ ഐ.സി.ഡി.എസ് സൂപ്പർ വൈസർ, അഗ്രിക്കൾച്ചറൽ അസിസ്റ്റൻറ് എന്നിവരെയും അപേക്ഷാ പരിശോധനയ്ക്കായി ചുമതലപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ അപേക്ഷാ പരിശോധനയുടെ മേൽനോട്ട ചുമതല അസിസ്റ്റൻറ് സെക്രട്ടറിമാരിലും നഗരസഭകളിൽ പ്രോജക്ട് ഓഫീസർമാരിലും നിക്ഷിപ്തമാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1), (2) ഉത്തരവുകൾ മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ